"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വേസ്റ്റ്-റ്റു-എനർജി പ്രോജക്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി - കോഴിക്കോട്, കൊച്ചി, കൊല്ലം, തിരുവനന്തപുരം വേസ്റ്റ്-റ്റു-എനർജി പ്ലാന്റുകളുടെ പദ്ധതി അവസാനിപ്പിച്ചും കോഴിക്കോട്, കൊല്ലം പ്ലാന്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട കൺസെഷൻ കരാർ റദ്ദാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്

സ.ഉ.(കൈ) നം.3/2025/LSGD തീയതി,തിരുവനന്തപുരം, 04-01-2025

പരാമർശം:-
1. സ.ഉ.(സാധാ) നം.3122/2017/ത.സ്വ.ഭ.വ. തീയതി, 23.09.2017
2. ജി.ഒ.(എം.എസ്.) നം.82/2018/എൽ.എസ്.ജി.ഡി. തീയതി, 11.06.2018
3. ജി.ഒ.(എം.എസ്.) നം.174/2018/എൽ.എസ്.ജി.ഡി. തീയതി, 22.11.2018
4. ജി.ഒ.(എം.എസ്.) നം.50/2019/എൽ.എസ്.ജി.ഡി. തീയതി, 14.05.2019
5. ജി.ഒ.(ആർ.റ്റി) നം.582/2020/എൽ.എസ്.ജി.ഡി. തീയതി, 07.03.2020
6. ജി.ഒ.(ആർ.റ്റി) നം.805/2020/എൽ.എസ്.ജി.ഡി. തീയതി, 30.04.2020

**ഉത്തരവ്**

അജൈവ മാലിന്യങ്ങളുടെ കുന്നുകൂടലും അശാസ്ത്രീയമായ നിർമ്മാർജ്ജനവും നിമിത്തം സംസ്ഥാനത്ത് ഉണ്ടാകുന്ന അപകടകരമായ സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനുള്ള സമഗ്ര ശ്രമങ്ങളുടെ ഭാഗമായുള്ള പരിശോധനയിൽ, മാലിന്യത്തിൽ നിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനും അതുവഴി ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കി മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനും Waste-to-Energy (WtE) പ്ലാന്റുകൾ അനുയോജ്യമാണെന്ന് കാണുകയുണ്ടായി .അതിന്റെ അടിസ്ഥാനത്തിൽ പൊതു സ്വകാര്യ പങ്കാളിത്ത (പി.പി.പി.) മോഡലിൽ ഡിസൈൻ, ബിൽഡ്, ഫിനാൻസ്, ഓപ്പറേറ്റ് & ട്രാൻസ്ഫർ (ഡി.ബി.എഫ്.ഒ.ടി.) അടിസ്ഥാനത്തിൽ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കൊല്ലം, മലപ്പുറം എന്നിവിടങ്ങളിൽ വേസ്റ്റ്-റ്റു-എനർജി പ്ലാന്റുകൾ (WtE Plant) സ്ഥാപിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (2), (3) എന്നിവ പ്രകാരം ഉത്തരവായിരുന്നു. ചീഫ് സെക്രട്ടറി അധ്യക്ഷനായി , പരാമർശം (1) പ്രകാരം, രൂപീകരിച്ചിരുന്ന സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റി (SLAC)-യെ പ്രസ്തുത പദ്ധതികളുടെ തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചുമതലപ്പെടുത്തി. കൺസെഷനയറെ തിരഞ്ഞെടുക്കുന്നതിനും കൺസെഷൻ കരാർ നടപ്പിലാക്കുന്നതിനും കൺസെഷനയർമാരുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ വേസ്റ്റ്-റ്റു-എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ നിശ്ചയിച്ചു.

(2) മുൻ ഖണ്ഡികയിൽ പരാമർശിച്ച പ്രകാരം അനുവദിച്ച ഏഴ് വേസ്റ്റ്-റ്റു-എനർജി പ്ലാന്റുകളിൽ നാളിതുവരെയായി പാലക്കാട് പദ്ധതി മാത്രമേ ഫിനാൻഷ്യൽ ക്ലോഷർ കൈവരിക്കുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുള്ളൂ.

(3) കോഴിക്കോട് വേസ്റ്റ്-റ്റു-എനർജി പ്രോജക്റ്റിനായി 2018 നവംബറിൽ നടന്ന ആഗോള ടെൻഡറിൽ M/s Zonta Infratech Pvt. Ltd.-ന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യം ബിഡർ ആയി തിരഞ്ഞെടുക്കപ്പെട്ടു. പരാമർശം (4) പ്രകാരം, ടിപ്പിംഗ് ഫീസ് ഒരു ടണ്ണിന് 3500/- രൂപയായി നിശ്ചയിച്ചു. തുടർന്ന് M/s മലബാർ വേസ്റ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ M/s സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുകയും തുടർന്ന് SPV, തദ്ദേശ സ്വയംഭരണ വകുപ്പ് , കെ.എസ്.ഐ.ഡി.സി, പങ്കാളിത്തമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ചേർന്ന് 04.09.2019-ൽ കൺസെഷൻ കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാർ വ്യവസ്ഥപ്രകാരം പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ബന്ധപ്പെട്ട കൺസെഷനയർ കരാർ തീയതി മുതൽ 180 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ 31.07.2023, 15.12.2023 എന്നീ രണ്ട് തീയതികൾ വരെ കരാർ കാലാവധി ദീർഘിപ്പിച്ചിട്ടും പ്രോജക്റ്റിന്റെ Financial Closure കൈവരിക്കാൻ കൺസെഷനയർ പരാജയപ്പെട്ടു. പ്രസ്തുത സ്ഥലത്ത് RRF, Sanitary waste incineration plant, RDF plant, Construction and demolition waste plant, FSTP എന്നിവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉയർന്നു വന്നു.

(4) കൊല്ലം വേസ്റ്റ്-റ്റു-എനർജി പ്രോജക്റ്റിനായി 2019 സെപ്റ്റംബറിൽ നടന്ന ആഗോള ടെൻഡറിൽ M/s Zonta Infratech Pvt. Ltd.-ന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യം ബിഡർ ആയി തിരഞ്ഞെടുക്കപ്പെട്ടു. പരാമർശം (5) പ്രകാരം ടിപ്പിംഗ് ഫീസ് ടണ്ണിന് 3450/- രൂപയായി അംഗീകരിച്ചു. M/s വേണാട് വേസ്റ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ M/s സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുകയും തുടർന്ന് SPV, തദ്ദേശ സ്വയംഭരണ വകുപ്പ്, കെ.എസ്.ഐ.ഡി.സി, പങ്കാളിത്തമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ 14.10.2020-ന് കൺസെഷൻ കരാറിൽ ഏർപ്പെടുകയും ചെയ്തു. പ്രോജക്റ്റിനായുള്ള ഡി.പി.ആർ. 2022 നവംബറിൽ ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സമ്മതപത്രം ഉൾപ്പെടെ വിവിധ ഏജൻസികളിൽ നിന്നുള്ള നിയമപരമായ അനുമതികൾ കൺസെഷനയർ നേടുകയും ചെയ്തു. പ്രസ്തുത പ്രോജെക്റ്റിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ WP(C) 9512/2021 നമ്പരായി ഫയൽ ചെയ്യപ്പെട്ട കേസും 24.11.2023-ലെ വിധിന്യായത്തിലൂടെ തള്ളപ്പെടുകയുണ്ടായി. കരാർ വ്യവസ്ഥപ്രകാരം പ്രകാരം പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ബന്ധപ്പെട്ട കൺസെഷനയർ കരാർ തീയതി മുതൽ 180 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. വ്യവഹാരം ഫയൽ ചെയ്യപ്പെട്ട സാഹചര്യത്തിൽ വ്യവഹാര നടപടികൾ അവസാനിച്ച് ഭൂമി ലഭ്യത ഉറപ്പാക്കുന്ന തീയതി മുതൽ ആറ് മാസത്തിനുള്ളിൽ പ്രോജക്റ്റിന്റെ ഫിനാൻഷ്യൽ ക്ലോഷർ നേടിയിരിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നെങ്കിലും 2024 ജൂൺ 14-എന്ന സമയപരിധിക്കകവും ടി പ്രോജക്റ്റിന്റെ ഫിനാൻഷ്യൽ ക്ലോഷർ കൈവരിക്കുന്നതിൽ കൺസെഷനയർ പരാജയപ്പെട്ടു.

(5) വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി കൺസെഷനയർമാരുമായി നടത്തിയ

കരാറിലെ Clause 2.6.5 (a) പ്രകാരമുള്ള വ്യവസ്ഥ ചുവടെ ചേർക്കുന്നു.

Clause 2.6.5 (a) of the Concession Agreement stipulates that "In the event the Conditions Precedent for Concessionaire have not been satisfied within the stipulated time and the Authority has not waived, fully or partially, such conditions relating to the Concessionaire, this Agreement shall cease to have any effect as of that date and shall be deemed to have been terminated by the mutual agreement of the parties and no Party shall subsequently have any rights or obligations under this agreement and the Authority / PLBs shall not be liable in any manner whatsoever to the Concessionaire or Persons claiming through or under it."

(6) കോഴിക്കോട്, കൊല്ലം വേസ്റ്റ്-റ്റു-എനർജി പദ്ധതികളുടെ കരാർ തീയതി യഥാക്രമം 04.09.2019-ഉം 14.10.2020-ഉം ആയിരുന്നു. കരാർ പ്രകാരം പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം ബന്ധപ്പെട്ട കൺസെഷനയർ കരാർ തീയതി മുതൽ 180 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ സമയപരിധി ഏതാനും തവണ ദീർഘിപ്പിച്ച് നൽകിയിട്ടും കരാർ പ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ കൺസെഷനയർ പരാജയപ്പെട്ടു. അതിനെ തുടർന്ന് മേൽ പറഞ്ഞ കോഴിക്കോട്, കൊല്ലം വേസ്റ്റ് ടു എനർജി പദ്ധതികളുടെ കൺസെഷനയർ കരാറുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടി ആരംഭിക്കുവാൻ കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ ശിപാർശ ചെയ്തു.

(7) തിരുവനന്തപുരത്തെ നിർദിഷ്ട വേസ്റ്റ്-റ്റു-എനർജി പ്ലാന്റിന് വേണ്ട സ്ഥലം കണ്ടെത്താനായിട്ടില്ല. ഇതിനിടയിൽ ഇംഗ്ലീഷ് ഇന്ത്യ ക്ലേ കമ്പനിക്ക് പാട്ടത്തിന് നൽകിയതും ക്ലേ ഖനനം നടന്നതുമായ സ്ഥലം ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്(BPCL) ആഭിമുഖ്യത്തിലുള്ള കമ്പ്രെസ്സ്ഡ് ബയോ ഗ്യാസ് പ്ലാന്റ് (CBG plant) -ന് അനുയോജ്യമാണ് എന്ന് കണ്ടെത്തുകയുണ്ടായി.

(8) പരാമർശം (6)-ലെ ഉത്തരവ് പ്രകാരം ബ്രഹ്മപുരത്ത് വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും M/s സോണ്ട ഇൻഫ്രാടെക് ലിമിറ്റഡ് bidder ആയി തിരഞ്ഞെടുക്കപ്പെട്ടിരുന്നുവെങ്കിലും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൺസെഷൻ എഗ്രിമെന്റ് നാളിതുവരെ ഒപ്പ് വച്ചിരുന്നില്ല. കൂടാതെ ബ്രഹ്മപുരത്ത് ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (BPCL) ആഭിമുഖ്യത്തിലുള്ള കംപ്രസ്ഡ് ബയോ ഗ്യാസ് പ്ലാന്റ് (CBG plant )-ന്റെ നിർമ്മാണം നടന്നുവരുന്നു.

(9) വേസ്റ്റ്-റ്റു-എനർജി പ്ലാന്റുകൾ (WtE Plant) സ്ഥാപിക്കുന്നതിനുള്ള മേൽ പരാമർശിച്ച പ്രൊപ്പോസലുകൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) യഥാക്രമം 04.09.2019-ഉം 14.10.2020-ഉം കരാർ തിയ്യതികളായിരുന്ന കോഴിക്കോട്, കൊല്ലം വേസ്റ്റ്-റ്റു-എനർജി പദ്ധതികളുടെ പ്രവർത്തനം ബന്ധപ്പെട്ട കൺസെഷനയർ കരാർ തീയതി മുതൽ 180 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും

ദീർഘിപ്പിച്ച സമയപരിധിക്കകവും അത് പാലിക്കുന്നതിൽ കൺസെഷനയർ പരാജയപ്പെട്ടതിനാൽ കോഴിക്കോട്, കൊല്ലം വേസ്റ്റ്-റ്റു-എനർജി പ്ലാന്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൺസെഷനയറുമായി ഏർപ്പെട്ട കൺസെഷൻ കരാർ റദ്ദാക്കിയും പദ്ധതി അവസാനിപ്പിച്ചും ഉത്തരവാകുന്നു.

(ii) അനുയോജ്യമായ സ്ഥലം കണ്ടെത്താനാകാത്തതിനാലും, എന്നാൽ ഇംഗ്ലീഷ് ഇന്ത്യ ക്ലേ കമ്പനിക്ക് പാട്ടത്തിന് നൽകിയതും ക്ലേ ഖനനം നടന്നതുമായ സ്ഥലം BPCL ആഭിമുഖ്യത്തിലുള്ള CBG plant-ന് അനുയോജ്യമാണ് എന്ന് കണ്ടെത്തിയ സാഹചര്യത്തിലും തിരുവനന്തപുരത്തെ നിർദിഷ്ട വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് പദ്ധതി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(iii) കൊച്ചി ,ബ്രഹ്മപുരം വേസ്റ്റ്-റ്റു-എനർജി പ്ലാന്റുമായി ബന്ധപ്പെട്ട് കൺസെഷൻ എഗ്രിമെന്റ് നാളിതുവരെയായി ഒപ്പ് വച്ചിട്ടില്ലാത്ത സാഹചര്യത്തിലും ബ്രഹ്മപുരത്ത് BPCL ആഭിമുഖ്യത്തിലുള്ള CBG plant നിർമ്മാണം നടന്നുവരുന്ന സാഹചര്യത്തിലും ബ്രഹ്മപുരം വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് പദ്ധതി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ജില്ലാ കളക്ടർ, തിരുവനന്തപുരം / കൊല്ലം / എറണാകുളം / കോഴിക്കോട്.
ചെയർമാൻ, കെ.എസ്.ഇ.ബി. ലിമിറ്റഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ് I) / (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
സെക്രട്ടറി, തിരുവനന്തപുരം / കൊല്ലം / കൊച്ചി / കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ
മാനേജിംഗ് ഡയറക്ടർ, M/s സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ്
(കെ.എസ്.ഐ.ഡി. മാനേജിംഗ് ഡയറക്ടർ മുഖേന)
പൊതുഭരണ (എസ്.സി) വകുപ്പ്
ഊർജ്ജ വകുപ്പ്.
വ്യവസായ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 04-01-2025 16:13:04

പകർപ്പ് :-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 01-01-2025

ഫയൽ നം. WM1/431/2022/LSGD. ഇനം നം: 2590

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട്, കൊച്ചി, കൊല്ലം, തിരുവനന്തപുരം വേസ്റ്റ് ടു എനർജി പ്ലാന്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതും കോഴിക്കോട്, കൊല്ലം പ്ലാന്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട കൺസഷൻ കരാർ റദ്ദാക്കുന്നതും - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

2590

| കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽനമ്പർ | WM1/431/2022-LSGD |
| 2. | വകുപ്പ് | തദ്ദേശസ്വയംഭരണ(ഡബ്ല്യൂ എം)വകുപ്പ് |
| 3. | വിഷയം | കോഴിക്കോട്, കൊച്ചി, കൊല്ലം, തിരുവനന്തപുരം വേസ്റ്റ് ടു എനർജി പ്ലാന്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതും കോഴിക്കോട്, കൊല്ലം പ്ലാന്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട കൺസഷൻ കരാർ റദ്ദാക്കുന്നതും സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 09.12.2024 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | ഇല്ല |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി പ്രീത കെ.എസ്. |
| 8. | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | ശ്രീമതി അനുപമ റ്റി. വി. |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | 18.12.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 18.12.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.എം.ബി.രാജേഷ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 19.12.2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 21.12.2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 01.01.2025 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | സ.ഉ.(കൈ) നം. 3/2025/LSGD തീയതി 04.01.2025 |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കോഴിക്കോട്, കൊച്ചി, കൊല്ലം, തിരുവനന്തപുരം വേസ്റ്റ് ടു എനർജി പ്ലാന്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതും കോഴിക്കോട്, കൊല്ലം പ്ലാന്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട കൺസഷൻ കരാർ റദ്ദാക്കുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

(2) സംസ്ഥാനത്തെ അജൈവ മാലിന്യങ്ങളുടെ അശാസ്ത്രീയമായ നിർമ്മാർജ്ജനവും കുന്നുകൂടലും നിമിത്തം ഉണ്ടാകുന്ന അപകടകരമായ സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനുള്ള സമഗ്ര ശ്രമങ്ങളുടെ ഭാഗമായുള്ള പരിശോധനയിൽ മാലിന്യത്തിൽ നിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനുള്ള Waste-to-Energy (WtE) പ്ലാന്റ്സ് അനുയോജ്യമാണ് എന്ന നിർദ്ദേശം ഉയർന്നു. പ്രസ്തുത സംവിധാനം മാലിന്യത്തിൽ നിന്നും ഊർജ്ജം ഉണ്ടാക്കുന്നതിനും അതുവഴി ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കി മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനും വിഭാവനം ചെയ്യുന്നു. പൊതു സ്വകാര്യ പങ്കാളിത്ത (പി.പി.പി.) മോഡലിൽ ഡിസൈൻ, ബിൽഡ്, ഫിനാൻസ്, ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ (ഡി.ബി.എഫ്.ഒ.ടി.) അടിസ്ഥാനത്തിൽ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കൊല്ലം , മലപ്പുറം എന്നിവിടങ്ങളിൽ വേസ്റ്റ് ടു എനർജി പ്ലാന്റുകൾ (WtE Plant) സ്ഥാപിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ജി.ഒ.(എം.എസ്.) നമ്പർ 82/2018/എൽ.എസ്.ജി.ഡി. തീയതി 11.06.2018, ജി.ഒ.(എം.എസ്.) നമ്പർ 174/2018/LSGD തീയതി 22.11.2018 എന്നിവ പ്രകാരം ഉത്തരവായിരുന്നു.മന്ത്രിസഭയുടെ അനുമതിയോടെയുള്ള പ്രസ്തുത പദ്ധതികളുടെ തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി State Level Advisory Committee (SLAC) , 23.09.2017-ലെ സ.ഉ (സാധാ) നം. 3122/2017/ത.സ്വ.ഭ.വ പ്രകാരം രൂപീകരിച്ചു. കൺസഷണയറെ തിരഞ്ഞെടുക്കുന്നതിനും കൺസഷൻ കരാർ നടപ്പിലാക്കുന്നതിനും കൺസഷനയർമാരുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ വേസ്റ്റ് റ്റു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി -യെ നിശ്ചയിച്ചു.

(3) മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം അനുവദിച്ച 7 വേസ്റ്റ് ടു എനർജി പ്ലാന്റുകൾ (WtE Plant)-ൽ നാളിതുവരെയായി പാലക്കാട് പദ്ധതി മാത്രമേ financial closure കൈവരിക്കുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുള്ളൂ.

(4) ഫിനാൻഷ്യൽ ക്ലോഷർ കൈവരിച്ചു എന്ന് അവകാശപ്പെടുന്നുവെങ്കിലും നിലവിൽ കൺസെഷനെയർ ആയതിനുള്ള രേഖകൾ സമർപ്പിക്കുന്നതിൽ പരാജയപ്പെട്ട കോഴിക്കോട് വേസ്റ്റ് ടു എനർജി പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രസ്തുത പ്രോജക്ടിനായുള്ള, 2018 നവംബറിൽ നടന്ന ആഗോള ടെൻഡറിൽ M/s Zonta Infratech Pvt. Ltd.-ന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യം bidder ആയി തിരഞ്ഞെടുക്കപ്പെട്ടു. 14.05.2019-ലെ GO(Ms)

50/2019/LSGD പ്രകാരം, ടിപ്പിംഗ് ഫീസ് ഒരു ടണ്ണിന് 3500/- രൂപയായി അംഗീകരിച്ചു. M/s മലബാർ വേസ്റ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ M/s സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുകയും SPV, LSGD, KSIDC, പങ്കാളിത്തമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ 04.09.2019-ൽ കൺസഷൻ കരാറിൽ ഏർപ്പെടുകയും ചെയ്തു.

തുടർന്ന് KSERC 2021 ഫെബ്രുവരിയോടെ വൈദ്യുതി നിരക്ക് അന്തിമമാക്കുകയും KSEB-യുമായുള്ള പവർ പർച്ചേസ് കരാർ 01.10.2021-ൽ കൺസെഷനയർ നടപ്പിലാക്കുകയും ചെയ്തു. പുതുക്കിയ ഡി.പി.ആർ. 2022 നവംബറിൽ ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കൺസെഷനയർ നിയമപരമായ അനുമതികൾ നേടുകയും ചെയ്തു. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ 2023 ജനുവരിയിൽ കൺസഷനയർക്ക് Indemnity Undertaking നൽകി.

തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ 28.04.2023-ലെ അവലോകന യോഗത്തിൽ, 31.07.2023-നോ അതിന് മുൻപോ പ്രോജക്ടിന്റെ Financial Closure കൈവരിക്കാൻ കൺസഷനയർക്ക് നിർദ്ദേശം നൽകി. 02.08.2023-ന് നടന്ന 40-ാമത് സംസ്ഥാനതല ഉപദേശക സമിതി (SLAC) യോഗത്തിൽ കൺസഷണയർ മുൻകൂറായി പാലിക്കേണ്ട എല്ലാ വ്യവസ്ഥകളും പൂർത്തിയാക്കാൻ നിർദ്ദേശം നൽകി. തുടർന്ന് 07.10.2023-ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത അവലോകന യോഗത്തിൽ കൺസെഷനയർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് 15.12.2023 വരെ സമയം നീട്ടിനൽകി. എന്നാൽ കൺസഷനറിയിൽ നിന്ന് മറുപടിയൊന്നും ലഭിക്കാത്തസാഹചര്യത്തിൽ, M/s മലബാർ വേസ്റ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡുമായുള്ള കൺസഷൻ കരാർ അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കെ.എസ്.ഐ.ഡി.സി. സർക്കാരിനോട് അഭ്യർത്ഥിച്ചു.

(5) ഫിനാൻഷ്യൽ ക്ലോഷർ കൈവരിച്ചു എന്ന് 2020 മുതൽ അവകാശപ്പെടുന്നുവെങ്കിലും ആയതിനുള്ള രേഖകൾ സമർപ്പിക്കുന്നതിൽ കൺസെഷനയർ പരാജയപ്പെട്ട കൊല്ലം വേസ്റ്റ് ടു എനർജി പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

പ്രസ്തുത പ്രോജക്ടിനായുള്ള 2019 സെപ്റ്റംബറിൽ നടന്ന ആഗോള ടെൻഡറിൽ M/s Zonta Infratech Pvt. Ltd.-ന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യം bidder ആയി തിരഞ്ഞെടുക്കപ്പെട്ടു. 07.03.2020-ലെ GO(Rt) No.582/2020/LSGD പ്രകാരം, ടിപ്പിംഗ് ഫീസ് ടണ്ണിന് 3450/- രൂപയായി അംഗീകരിച്ചു. M/s വേണാട് വേസ്റ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ M/s സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുകയും SPV, LSGD, KSIDC, പങ്കാളിത്തമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ 14.10.2020-ന് കൺസഷൻ കരാറിൽ ഏർപ്പെടുകയും ചെയ്തു.

പ്രോജക്ടിനായുള്ള ഡി.പി.ആർ. 2022 നവംബറിൽ ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സമ്മതപത്രം ഉൾപ്പെടെ വിവിധ ഏജൻസികളിൽ നിന്നുള്ള നിയമപരമായ അനുമതികൾ കൺസെഷനയർ നേടുകയും ചെയ്തു. പ്രസ്തുത പ്രോജെക്ടിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ WP(C) 9512/2021 നമ്പരായി കേസ് ഫയൽ ചെയ്യപ്പെട്ടു. 28.04.2023-ലെ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അവലോകന യോഗത്തിൽ, വ്യവഹാര നടപടികൾ അവസാനിച്ച് ഭൂമി ലഭ്യത ഉറപ്പാക്കുന്ന തീയതി മുതൽ ആറ് മാസത്തിനുള്ളിൽ പ്രോജക്ടിന്റെ Financial Closure നേടിയിരിക്കണമെന്ന് കൺസെഷനയർക്ക് നിർദ്ദേശം നൽകി. മേൽ പരാമർശിച്ച ഹർജി 24.11.2023 ലെ വിധിന്യായത്തിലൂടെ ബഹു. ഹൈക്കോടതി തള്ളുകയുണ്ടായി. വിധി പകർപ്പ് കൺസെഷനയർക്ക് കെ.എസ്.ഐ.ഡി.സി. കൈമാറുകയും കൊല്ലം വേസ്റ്റ് ടു എനർജി പ്രോജക്ടിന്റെ Financial Closure ആറ് മാസത്തിനകം കൈവരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. അതായത് 2024 ജൂൺ, 14-ന് ഉള്ളിൽ. എന്നാൽ ദീർഘിപ്പിച്ച് 2024 ജൂൺ, 14-എന്ന സമയപരിധിക്കകവും ടി പ്രോജക്ടിന്റെ Financial Closure കൈവരിക്കാൻ കൺസെഷനയർ പരാജയപ്പെട്ടു. തുടർന്ന് കരാറിലെ വ്യവസ്ഥകൾ പ്രകാരം കൺസെഷനയറുമായുള്ള കരാർ അവസാനിപ്പിക്കുന്നതിനുള്ള നടപടി ആരംഭിക്കുവാൻ കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർക്ക് 18.10.2024-ൽ നിർദ്ദേശം നൽകി.

(6) വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി കൺസെഷനയറുമായി നടത്തിയ കൺസഷൻ കരാറിലെ Clause 2.6.5 (a) പ്രകാരമുള്ള വ്യവസ്ഥ ചുവടെ ചേർക്കുന്നു

" Clause 2.6.5 (a) of the Concession Agreement stipulates that " in the event the Conditions Precedent for Concessionaire have not been satisfied within the stipulated time and the Authority has not waived, fully or partially, such conditions relating to the Concessionaire, this Agreement shall cease to have any effect as of that date and shall be deemed to have been terminated by the mutual agreement of the parties and no Party shall subsequently rights or obligations under this agreement and the Authority / PLBs shall not be liable in any manner whatsoever to the Concessionaire or Persons claiming through or under it."

(7) കോഴിക്കോട്, കൊല്ലം വേസ്റ്റ് ടു എനർജി പദ്ധതികളുടെ കരാർ തിയതി യഥാക്രമം 04/09/2019-ഉം 14/10/2020-ഉം ആയിരുന്നു. കരാർ പ്രകാരം പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം ബന്ധപ്പെട്ട കൺസെഷനയർ കരാർ തിയതി മുതൽ 180 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു, എന്നാൽ സമയപരിധി ഏതാനും തവണ ദീർഘിപ്പിച്ച് നൽകിയിട്ടും സമയക്രമം പാലിക്കുന്നതിൽ കൺസെഷനയർ പരാജയപ്പെട്ടു

(8) നിർദിഷ്ട വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിന് കണ്ടെത്തിയ കോഴിക്കോട് ഞെളിയൻപറമ്പ് എന്ന സ്ഥലത്ത് ലെഗസി വേസ്റ്റിന്റെ ബയോ മൈനിങ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് പൂർത്തീകരിക്കാതെ കൺസെഷനയർ വീഴ്ച വരുത്തിയതിനാൽ ദൈനംദിന വേസ്റ്റ് മാനേജ്മെന്റ് പ്രവർത്തികളുടെ നിർവഹണത്തിന് കോഴിക്കോട് കോർപ്പറേഷൻ പ്രയാസപ്പെടുന്ന സാഹചര്യമുണ്ടായി. ഇതിനിടയിൽ പ്രസ്തുത സ്ഥലത്ത് ബയോമൈനിങ് നടത്തുന്നതിനുള്ള പ്രൊപോസൽ KSWMP മുന്നോട്ടുവെച്ചിട്ടുള്ളതും അവിടെ CBG പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള താൽപ്പര്യം BPCL പ്രകടിപ്പിച്ചിട്ടുള്ളതുമാണ്. WtE പ്ലാന്റിനായുള്ള നിലവിലെ കരാർ റദ്ദാക്കുന്നപക്ഷം മേൽ പരാമർശിച്ച പ്രൊപ്പോസലുകൾ പരിഗണിക്കാവുന്നതാണ് .

(9) കൊല്ലം വേസ്റ്റ് ടു എനർജി പദ്ധതിയുമായി ബന്ധപ്പെട്ട് 2020-ൽ തന്നെ കൺസെഷനയറെ തിരഞ്ഞെടുത്തിരുന്നുവെങ്കിലും നാല് വർഷങ്ങൾക് ശേഷവും financial closure കൈവരിക്കുവാൻ കൺസെഷനയർക്ക് കഴിഞ്ഞിട്ടില്ല. പ്രസ്തുത സ്ഥലത്ത് RRF, sanitary waste incineration plant, RDF plant, Construction and demolition waste plant, FSTP എന്നിവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉയർന്ന് വന്നിട്ടുണ്ട്.

(10) തിരുവനന്തപുരത്തെ നിർദിഷ്ട വേസ്റ്റ് ടു എനർജി പ്ലാന്റിന് വേണ്ട സ്ഥലം കണ്ടെത്താനായിട്ടില്ല. എന്നാൽ ഇംഗ്ലീഷ് ഇന്ത്യ ക്ലേ കമ്പനിക്ക് പാട്ടത്തിന് നൽകിയതും ക്ലേ ഖനനം നടന്നതുമായ സ്ഥലം BPCL ആഭിമുഖ്യത്തിലുള്ള CBG plant ന് അനുയോജ്യമാണ് എന്ന് കണ്ടെത്തിയ സാഹചര്യത്തിൽ തിരുവനന്തപുരത്തെ നിർദിഷ്ട വേസ്റ്റ് ടു എനർജി പ്ലാന്റ് സംബന്ധിച്ച പ്രൊപ്പോസലും അവസാനിപ്പിക്കാവുന്നതാണ്.

(11) 30.04.2020-ലെ സ.ഉ.(സാധാ)നം.805/2020/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ബ്രഹ്മപുരത്ത് വേസ്റ്റ് റ്റു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. M/s സോണ്ട ഇൻഫ്രാടെക് ലിമിറ്റഡ് ആയിരുന്നു bidder. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൺസെഷൻ എഗ്രിമെന്റ് നാളിതുവരെ ഒപ്പ് വച്ചിട്ടില്ല.

(12) ബ്രഹ്മപുരത്ത് BPCL ആഭിമുഖ്യത്തിലുള്ള CBG plant നിർമ്മാണം നടന്നുവരുന്ന സാഹചര്യത്തിലും കോഴിക്കോട്ടും തിരുവനന്തപുരത്തും സി. ബി. ജി പ്ലാന്റ് പ്രൊപ്പോസ് ചെയ്തിരിക്കുന്നതിനാലും കോഴിക്കോട്, കൊച്ചി, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിലെ നിർദിഷ്ട വേസ്റ്റ് ടു എനർജി പ്ലാന്റ് സംബന്ധിച്ച പ്രൊപ്പോസൽ അവസാനിപ്പിക്കാവുന്നതും കോഴിക്കോട് കൊല്ലം എന്നിവിടങ്ങളിലെ ഇതുസംബന്ധിച്ചുളള കൺസെഷൻ എഗ്രിമെന്റ് റദ്ദാക്കാവുന്നതുമാണ്

(13) ഈ കാര്യത്തിൽ അഭിപ്രായത്തിനായി ഫയൽ അയച്ചപ്പോൾ ബഹു. വ്യവസായ വകുപ്പ് മന്ത്രി ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

"നിർദ്ദേശം അംഗീകരിക്കാവുന്നതാണ്."

(14) ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

**തീരുമാനിക്കാനുള്ള വിഷയം**

1. കോഴിക്കോട്, കൊച്ചി, കൊല്ലം, തിരുവനന്തപുരം വേസ്റ്റ് റ്റു എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള പദ്ധതി അവസാനിപ്പിക്കാമോ;

2. അവസാനിപ്പിക്കുന്ന പക്ഷം കോഴിക്കോട്, കൊല്ലം, പ്ലാന്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൺസെഷനയറുമായി ഏർപ്പെട്ട കൺസഷൻ കരാർ റദ്ദാക്കാമോ: